**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3171 23.3.2015-ൽ മറുപടിയ്ക്ക്**

**കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതിയ്ക്കായി പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ വക സ്ഥലത്ത് നിന്ന് വാട്ടർ പ്ലാന്റിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള അപേക്ഷയിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ചാലക്കുടിയിലെ എം.പി.ഐ യുടെ അധീനതയിലുള്ള സ്ഥലത്ത് ആധുനിക മാംസസംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. 3.7.2014-ൽ ബഹു. ചാലക്കുടി എം.എൽ.എ യുടെ നേതൃത്വത്തിൽ സ്ഥലം സന്ദർശിക്കുകയും വിശദമായി സ്ഥലം പരിശോധിക്കുകയും ചെയ്തു. ആധാരത്തിൽ കാണുന്നതിലധികം ഭൂമി എം.പി.ഐ യുടെ കൈവശം പ്രസ്തുത സ്ഥലത്ത് ഉണ്ടെങ്കിൽ അത് കുടിവെള്ള പദ്ധതിക്ക് നൽകുന്നതിനും തഹസീൽദാരുടെ നേതൃത്വത്തിൽ സ്ഥലം അളക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. 22.7.2014-ൽ ഈ ആവശ്യം ഉന്നയിച്ച് കൊണ്ട് സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിന് തഹസീൽദാർക്ക് കത്ത് നൽകുകയും അറിവ് ലഭിക്കുന്ന മുറക്ക് അതിനാവശ്യമായ തുക ഒടുക്കാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) സ്ഥലം വിട്ടു നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | ബി) സർവ്വെ നടത്തി ആധാരത്തിലുള്ളതിലധികം സ്ഥലം ഉണ്ട് എന്ന് കണ്ടെത്തിയാൽ കോടശ്ശേരി പരിയാരം കുടിവെള്ള പദ്ധതിക്കായി അധികമുള്ള സ്ഥലം നൽകുന്നത് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ